ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ഇല്ല.

(ബി & സി) ആധുനിക ഹൃദ്രോഗ ചികിത്സാ സൗകര്യം സമൂഹത്തിലെ പാവപ്പെട്ടവർക്കു കൂടി ലഭ്യമാക്കുന്നതിനു ബൈപാസ് സർജറി, ആൻജിയോഗ്രാം, ആൻജിയോ പ്ലാസ്റ്റി പേസ്മേക്കർ ഘടിപ്പിക്കൽ മുതലായവയ്ക്ക് ധനസഹായം നൽകുന്നതിന് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് 'ടു ദി പുവർ 'എന്നൊരു പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഹൃദ്രോഗ ചികിത്സാ സൗകര്യവും ഹൃദ്രോഗ തീവ്ര പരിചരണ വിഭാഗവും എക്കോ കാർഡിയോഗ്രാം പരിശോധനയും എല്ലാ വിഭാഗം ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജാശുപത്രികളിലാണ് ആധുനിക ഹൃദ്രോഗ ചികിത്സാ സൗകര്യങ്ങൾ ഇപ്പോഴുള്ളത്.

(ഇ & എഫ്) മെഡിക്കൽ കോളേജുകൾ ഇല്ലാത്ത ജില്ലകളിലെ ജില്ലാ ആശുപത്രികളിൽ കാർഡിയോളജി, ന്യൂറോളജി, ഗ്യാസ്ട്രോ എന്ററോളജി, നെഫ്റോളജി, ന്യൂറോ സർജറി, പ്ലാസ്റ്റിക് സർജറി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ഘട്ടം ഘട്ടമായി തുടങ്ങുവാൻ ഉദ്ദേശിച്ചതിൽ കൊല്ലം, എറണാകുളം, മലപ്പുറം പാലക്കാട്, കാസർഗോഡ് എന്നീ ജില്ലാ ആശുപത്രികളിൽ ഈ പരിപാടി പ്രയോഗികമാക്കുന്നതിന്റെ ഭാഗമായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2000-2001-ൽ തലശ്ശേരി, ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ കാർഡിയോളജി യൂണിറ്റുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കായി 45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പ്രവാസി സുരക്ഷാ സാമൂഹ്യ ക്ഷേമ പദ്ധതി

10 (*10) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. രാജു :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി സുരക്ഷാ സാമൂഹ്യക്ഷേമ പദ്ധതിയിൽ അംഗങ്ങളായി ഇപ്പോൾ എത്രപേരുണ്ട് ;

(ബി) ഈപദ്ധതി ഉൾപ്പെടുത്തി എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇവർക്ക് നല്കിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി ആരംഭിച്ചതിനു ശേഷം എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; എത്ര കോടി രൂപ ഇതിനായി ചെലവഴിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രവാസി കുടുംബ ആരോഗ്യ പദ്ധതിയിൻ കീഴിൽ എന്തെല്ലാം പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) പ്രവാസി സുരക്ഷാ സാമൂഹ്യക്ഷേമ പദ്ധതിയിൽ നാളിതുവരെ 1,55,620 പേർ അംഗങ്ങളായിട്ടുണ്ട്.

(ബി) പ്രവാസി സുരക്ഷാ സാമൂഹ്യക്ഷേമ പദ്ധതി ഒരു അപകട ഇൻഷ്വറൻസ് പദ്ധതിയാണ്. അപകടം മൂലമുണ്ടാകുന്ന മരണം, അംഗവൈകല്യം എന്നിവയ്ക്ക് ഈ പദ്ധതി പ്രകാരം നല്കിവരുന്ന ആനുകൂല്യങ്ങളുടെ വിവരം താഴെക്കൊടുക്കുന്നു.

1. അപകടം മൂലമുണ്ടാകുന്ന

   (i) മരണം - പ്രീമിയത്തിന്റെ തുക അനുസരിച്ച് പത്ത് ലക്ഷം രൂപ വരെ

   (ii) സ്ഥിരവും പൂർണ്ണവുമായ ശാരീരിക വൈകല്യം - പത്തു ലക്ഷം രൂപ വരെ

   (iii) ഒരു കണ്ണ് അല്ലെങ്കിൽ ഒരു കൈ അല്ലെങ്കിൽ ഒരു കാൽ പൂർണ്ണമായി നഷ്ടപ്പെട്ടാൽ -അഞ്ച് ലക്ഷം രൂപ വരെ

   (iv) രണ്ട് കണ്ണോ, രണ്ട് കൈകളോ, രണ്ട് കാലുകളോ അല്ലെങ്കിൽ ഇവ മൂന്നിൽ ഏതെങ്കിലും രണ്ട് നഷ്ടപ്പെട്ടാൽ - പത്തു ലക്ഷംരൂപ വരെ

2. അപകടം മൂലമോ അസുഖം മൂലമോ മരണം സംഭവിക്കുമ്പോൾ മൃത ശരീരം നാട്ടിലേക്ക് കൊണ്ടുവരുന്നതിനും കൂടെ ഒരാൾ പോരുന്നതിനും ഉള്ള ചെലവുൾപ്പെടെ മരണാനന്തര ചടങ്ങുകൾക്ക് - അമ്പതിനായിരം രൂപ വരെ അല്ലെങ്കിൽ അപകടം മൂലം ചികിത്സാർത്ഥം നാട്ടിലേക്ക് മടങ്ങേണ്ടി വന്നാൽ, കൂടെ പോരുന്ന ആളിന്റെ വിമാനയാത്രാ ചെലവുൾപ്പെടെ - അമ്പതിനായിരം രൂപ വരെ.

3. അപകടം മൂലം വിദേശത്ത് ജോലിയുള്ള ആൾ മരിച്ചാൽ

   (i) വിദ്യാഭ്യാസം തുടരുന്നതിനായി രണ്ട് മക്കൾക്ക് - അൻപതിനായിരം രൂപ വീതം

   (ii) വിവാഹം കഴിയാത്ത രണ്ട് പെൺമക്കൾക്ക് വിവാഹ സഹായ ധനം - അമ്പതിനായിരം രൂപ വീതം

   (iii) കുടുംബങ്ങളിൽ ആരെങ്കിലും അപകടം മൂലം മരിച്ചാൽ വിദേശത്ത് ജോലിയുള്ള ആൾക്ക് നാട്ടിൽ പോയി മടങ്ങാനുള്ള വിമാന യാത്രാകൂലി -അമ്പതിനായിരം രൂപ വീതം

(സി) ഈ പദ്ധതി ആരംഭിച്ചതിനു ശേഷം നാളിതുവരെ 556 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇതിനായി 2,64,92,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രവാസി കുടുംബ ആരോഗ്യ പദ്ധതിയിൽ ചേരുന്ന കുടുംബാംഗങ്ങൾക്ക് മൊത്തമായി അഞ്ചു വർഷക്കാലാവധിക്കുള്ളിൽ പലതവണയായോ ഒരാൾക്ക് മാത്രമായോ എല്ലാവർക്കും കൂടിയോ ഇന്ത്യയിൽ ആശുപത്രിയിൽക്കിടത്തി ചികിത്സിക്കുന്നതിനായി രണ്ടു ലക്ഷം രൂപവരെ പ്രീമിയത്തിന്റെ തുകയനുസരിച്ച് അനുവദിക്കുന്നു.

പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച പ്ലാൻ

11 (*11) ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഈ വർഷത്തെ പദ്ധതി സംബന്ധിച്ച് പ്ലാനിംഗ് കമ്മീഷനുമായി നടത്തിയ ചർച്ചയുടെ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച പ്ലാൻ സംസ്ഥാനത്തിന്റെ വികസന താത്പര്യത്തിന് അനുഗുണമാണെന്ന് കുരുതുന്നുണ്ടോ ;

(സി) സംസ്ഥാന വിഹിതം സ്വരൂപിക്കുന്നതിലെ വീഴ്ചമൂലം വാർഷിക പ്ലാൻ വിഹിതത്തിൽ കുറവു വന്നിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ വ്യാവസായിക, കാർഷിക വളർച്ചയിൽ പ്ലാനിംഗ് കമ്മീഷൻ അതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ;

(ഇ) മറ്റു സംസ്ഥാനങ്ങളുടെ തന്നാണ്ടിലെ പ്ലാനുമായി താരതമ്യപഠനം നടത്തിയിട്ടുണ്ടോ ; പശ്ചിമ ബംഗാളിന് ലഭിച്ച വർദ്ധനവിലും തുച്ഛമാണ് നമ്മുടെ സംസ്ഥാനത്തിന് ലഭിച്ചതെന്ന വസ്തുത ശ്രദ്ധിച്ചിട്ടുണ്ടോ ;

(എഫ്) സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് വാർഷിക പദ്ധതിയിൽ ഗണ്യമായ വർദ്ധനവ് വരും വർഷങ്ങളിൽ ലഭിക്കത്തക്കവിധം ധനകാര്യ മാനേജ്മെന്റിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നതു സംബന്ധിച്ച് വിശദമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) കേരളം വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം തുടങ്ങിയ സാമൂഹ്യ സേവന രംഗങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ പ്രത്യേകം പരാമർശിക്കപ്പെടുകയും അതുപോലെ തന്നെ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ സംസ്ഥാനം നേടിയ ഗണ്യമായ പുരോഗതി ശ്ലാഘനീയമാണെന്ന് ചൂണ്ടിക്കാണിക്കുകയുമുണ്ടായി. പ്രാദേശിക പരിപ്രേക്ഷ്യങ്ങളും ദേശീയതലത്തിലെ മുൻഗണനകളും സമന്വയിപ്പിച്ചു കൊണ്ട് സംസ്ഥാനത്തെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾ ശക്തമാക്കണമെന്നും അഭിപ്രായപ്പെട്ടു. കാലാകാലങ്ങളിൽ, ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly